പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1280 12.06.2014-ലെ മറുപടിക്ക്

## ദേശീയപാതാ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ). ദേശീയപാതാ വികസനം ഏതു ഘട്ടത്തിലാണ്; | (എ). കേരളത്തിലെ ദേശീയ പാത 17 ഉം 47 ഉം ബി.ഒ.റ്റി. വ്യവസ്ഥയിൽ സർവ്വീസ് റോഡോടു കൂടി 4/6 പാതയായി വികസിപ്പിക്കുവാൻ ദേശീയ പാത അതോറിറ്റിയെ ഏൽപ്പിക്കുകയുണ്ടായി. ഇതിൽ തൃശ്ശൂർ-അങ്കമാലി-ഇടപ്പള്ളി ഭാഗത്തെ പണി പൂർത്തീകരിച്ചു. വാളയാർ മുതൽ തൃശ്ശൂർ വരെയുള്ള ഭാഗത്തെ പണി പുരോഗമിക്കുന്നു. എന്നാൽ ശേഷിച്ച ഭാഗത്തെ ഭൂമി ഏറ്റെടുക്കുന്നതിൽ കാര്യമായ പുരോഗതി ഉണ്ടാകാത്തതിനാൽ ദേശീയ പാത 17-ന്റെ കുറ്റിപ്പുറം മുതൽ ഇടപ്പള്ളി വരെയുള്ള ഭാഗവും എൻ.എച്ച്.47-ന്റെ ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗവും പ്രസ്തുത പദ്ധതിയിൽ നിന്നും ഒഴിവാക്കി കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സ്ഥലം ലഭ്യമായ ഇടങ്ങളിൽ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ റോഡിന്റെ വികസനം ഏറ്റെടുത്തു നടത്തുവാനുള്ള സാദ്ധ്യതകൾ പൊതുമരാമത്ത് വകുപ്പ് പരിശോധിച്ചു വരുന്നു. കേരളത്തിലെ മറ്റ് അഞ്ച് ദേശീയ പാതകൾ (എൻ.എച്ച്-49, എൻ.എച്ച്-208, എൻ.എച്ച്-212, എൻ.എച്ച്-213 എൻ.എച്ച്-220) പേവ്ഡ് ഷോൾഡറോട് കൂടി ബി.ഒ.റ്റി. വ്യവസ്ഥയിൽ 2 വരി പാതയായി NHDP Phase IV A-യിൽ ഉൾപ്പെടുത്തിയാണ് വികസിപ്പിക്കാൻ ഉദ്ദേശിച്ചിരുന്നത്. എന്നാൽ ഇപ്പോൾ തന്നെ 2 വരിയുള്ള ഈ റോഡുകൾ ടോൾ വ്യവസ്ഥയിൽ വികസിപ്പിക്കുന്നത് കേരള സാഹചര്യങ്ങളിൽ അഭികാമ്യമല്ലാത്തതിനാൽ സംസ്ഥാന |

| | | | |
|---|---|---|---|
| | | | സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് ടി പാതകളെ NHDP-യിൽ നിന്ന് വേർപ്പെടുത്തിയിട്ടുണ്ട്. ഈ ദേശീയ പാതകളുടെ വികസനം കേന്ദ്രത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി-യാണ് നടപ്പിലാക്കേണ്ടത്. |
| (ബി). | ദേശീയപാതാ വികസന പദ്ധതിയിൽ നിന്നും ദേശീയ പാതാ വികസന അതോറിറ്റി പിൻമാറാനുണ്ടായ സാഹചര്യം എന്താണ്; | (ബി). | കേരളത്തിലെ ദേശീയ പാത 17 ഉം 47 ഉം ബി.ഒ.റ്റി. വ്യവസ്ഥയിൽ സർവ്വീസ് റോഡോടു കൂടി നാലുവരി പാതയായി വികസിപ്പിക്കുവാൻ എൻ.എച്ച്.എ.ഐ.-യെ ഏൽപ്പിക്കുകയുണ്ടായി. എന്നാൽ ഭൂമി ഏറ്റെടുക്കുന്നതിൽ കാര്യമായ പുരോഗതി ഉണ്ടാകാത്തതിനാൽ ദേശീയപാത 17-ന്റെ കുറ്റിപ്പുറം മുതൽ ഇടപ്പള്ളി വരെയുള്ള ഭാഗവും എൻ.എച്ച്.47-ന്റെ ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗവും പ്രസ്തുത പദ്ധതിയിൽ നിന്നും ഒഴിവാക്കി കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചി-ട്ടുണ്ട്. |
| (സി). | ദേശീയപാതാ വികസനത്തിന് എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നു? | (സി). | വിശദാംശങ്ങൾ തയ്യാറാക്കി വരുന്നതേ-യുള്ളൂ. |

**സെക്ഷൻ ഓഫീസർ**